വനവിഭവങ്ങൾ

* 540 [577] ഡോ. എ. സുബ്ബറാവു:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. പി. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനങ്ങളിൽ നിന്നും ലഭ്യമാകുന്ന പശകം, മരക്കറകം, ചായങ്ങൾ, ഊറയ്ക്കിടുന്ന പദാർത്ഥങ്ങൾ എന്നിവയുടെ അളവ് ഒരു വർഷത്തിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവ ലഭിക്കുന്ന റെയിഞ്ചുകൾ ഏതെല്ലാമാണ്;

(സി) മേൽപ്പറഞ്ഞ വിഭവങ്ങൾ ചൂഷണം ചെയ്യപ്പെടുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) പശകം 13274 കി.

ചായങ്ങളും ഊറയ്ക്കിടുന്ന പദാർത്ഥങ്ങളും 292984 കി.

(ബി) ആകെയുള്ള 69 റേഞ്ചുകളിൽ മിക്കവാറും എല്ലാ റേഞ്ചുകളിൽ നിന്നും ഇവ ലഭിക്കുന്നുണ്ട്.

(സി) വനം വകുപ്പിന്റെ ഫീൽഡ് സ്റ്റാഫ്, വിഭവങ്ങൾ ശേഖരിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഗിരിജന സഹകരണ സംഘങ്ങളുടെ സഹായത്തോടെ, അനധികൃത ശേഖരണമുണ്ടെങ്കിൽ തടയുവാൻ പ്രവർത്തിക്കുന്നുണ്ട്.

വനപാലകൻമാരുടെ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി

* 541 [578] ശ്രീ. കെ. ജെ. ജോർജ്ജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനപാലകൻമാർക്ക് എന്തെല്ലാം ആയുധങ്ങൾ നൽകിയിട്ടുണ്ട്;

(ബി) വനപാലകർക്ക് വീടുകൾ നിർമ്മിച്ചു കൊടുക്കാൻ പരിപാടിയുണ്ടോ;

(സി) ഇല്ലെങ്കിൽ അവർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുമോ;

(ഡി) വനം രക്ഷിക്കുന്നതിനുവേണ്ടി ഇപ്പോൾ വാഹനങ്ങൾ ഉണ്ടോ;

(ഇ) ഇതിനുവേണ്ടി ഈ സാമ്പത്തിക വർഷം എത്ര പുതിയ വാഹനങ്ങൾകൂടി വാങ്ങാൻ ഉദ്ദേശിക്കുന്നു?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) തോക്കുകൾ.

LIBRARY ARCHIVES Kerala Legislative Assembly